ഭാഷാശാസ്ത്രഫാക്കൽറ്റി
•
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# മലയാളഭാഷാശാസ്ത്രം ഗവേഷണ ജേണൽ

വാല്യം 2-5 • ലക്കം 3-8 • നവംബർ 18-മെയ് 21 • കൊല്ലവർഷം 1194-96

# മലയാളഭാഷാശാസ്ത്രം

## ഗവേഷണജേണൽ

ഇഷ്യു എഡിറ്റർ

**ഡോ. സ്മിത കെ. നായർ**

**ഡോ. സെയ്തലവി സി.**

മലയാളഭാഷാപഠനഫാക്കൽറ്റി

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല പ്രസിദ്ധീകരണം

# മലയാളഭാഷാശാസ്ത്രം

## ഗവേഷണജേണൽ

വാല്യം 2-5   ലക്കം 3-8 നവംബർ 18- മെയ് 21

**ഉള്ളടക്കം**


**ഇഷ്യു എഡിറ്ററുടെ കുറിപ്പ്** 05

**ഭാഷാസാങ്കേതികതയും സാംസ്കാരികമുദ്രകളും: ചില നിരീക്ഷണങ്ങൾ** 09
ഡോ. സോമനാഥൻ പി.

**ഇമോജിയും വാക്യവിചാരവും** 21
ഡോ. ആർ.വി.എം. ദിവാകരൻ

**സൈബർമാധ്യമസംവേദനം:ചില ആശയക്കുഴപ്പങ്ങൾ** 31
എസ്.ആർ. സഞ്ജീവ്

**നവമാധ്യമം: ഉൽപ്പാദനവും വിമോചനവും** 39
ഡോ. കെ.എം. അനിൽ

**മലയാളം ട്രോളുകൾ ഭാഷയും പ്രയോഗവും** 55
ഇജാസ് ബി.പി

**നവ(മാധ്യമ) മലയാളം** 61
ഡോ. സുനീത. ടി.വി.

**യന്ത്രവിവർത്തനം** 64
പ്രജിഷ. എ.കെ.

**ഹാസ്യവിവർത്തനത്തിന്റെ യന്ത്രപരിമിതികൾ** 70
ശരത്. വി.എസ്.

**കമ്പ്യൂട്ടർ അധിഷ്ഠിത ഭാഷാബോധനം:നൂതന ഭാഷാസാഹചര്യങ്ങളിൽ** 75
ഐശ്വര്യ. പി.

**സൈബർ സാഹിത്യം: സാധ്യതകളും ആശങ്കകളും** 80
ഡോ. രോഷ്നി സ്വപ്ന

**വിവരസാങ്കേതികവിദ്യ: ഗ്രാമീണകേരളത്തിലെ പ്രയോഗങ്ങളും സാമൂഹികതലങ്ങളും** 87
ഡോ. കെ.എസ്. രാഗിണി

# നവമാധ്യമം : ഉൽപ്പാദനവും വിമോചനവും

ഡോ. കെ. എം. അനിൽ

സാങ്കേതികവിദ്യയിലുണ്ടാകുന്ന വികാസവും ഉൽപ്പാദനബന്ധങ്ങളിലെ
മാറ്റവും മനുഷ്യഭാവനയിലും ഭാവുകത്വത്തിലും പരിണാമമുണ്ടാക്കുമെന്ന
വസ്തുത കാണാതിരിക്കാനാവില്ല. ഇന്നത്തെ ഉൽപ്പാദനക്രമത്തെ സാമാന്യ
മായി മുതലാളിത്തം എന്ന് വിശേഷിപ്പിക്കുന്നു. ഏതൊരു വ്യവസ്ഥയിലുമെന്ന
പോലെ മുതലാളിത്തത്തിനകത്തും ആന്തരികമായ സംഘർഷങ്ങൾ വളർന്നു
വരികയും അതിന്റെതന്നെ നിലനിൽപ്പിനെ ഭീഷണിപ്പെടുത്തുകയും ചെയ്തു
കൊണ്ടിരിക്കുന്നുണ്ട്. ഈ വികാസവും പരിണാമവും അനിവാര്യമത്രേ. ഉൽപ്പാ
ദനശക്തികളുടെ വികാസം അവസാനിക്കുന്നതുവരെ ഈ പ്രക്രിയ തുടർന്നു
കൊണ്ടിരിക്കുമെന്ന് വേണം കരുതാൻ.

മനുഷ്യന്റെ ഭാവനയുടെ ഉൽപ്പന്നത്തെ വളർത്താനും വികസിപ്പിക്കാനും
മൂലധനം ചെലവിടുകയും ആ ഉൽപ്പന്നം വിനിമയത്തിന് പര്യാപ്തമാവുകയും
ചെയ്താൽ അതൊരു ചരക്കായിമാറും. സംസ്ക്കാരവ്യവസായത്തിന്റെ പ്രാഥ
മികയുക്തി ഇതാണ്. ഉൽപ്പാദനപ്രക്രിയയിൽ ഉൽപ്പാദനശക്തികളും ഉൽപ്പാദ
നബന്ധങ്ങളുമാണല്ലോ പ്രധാനം. അധ്വാനത്തിനും മൂലധനത്തിനുമിടയിലുള്ള
വൈരുദ്ധ്യത്തിനുചുറ്റുമാണ് സാമൂഹ്യബന്ധങ്ങൾ രൂപപ്പെടുന്നത്. സമൂഹ
ത്തിൽ ആശയങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ബുദ്ധിജീവിവിഭാഗം യഥാർത്ഥത്തിൽ
അധ്വനവുമായും മൂലധനവുമായും വൈരുദ്ധ്യത്തിലിരിക്കുന്നുണ്ട്.

തൊഴിലാളികളും മൂലധന ഉടമകളും ബുദ്ധിജീവികളും തമ്മിലുള്ള പര
സ്പരബന്ധം ഉൽപ്പാദനശക്തികളുമായി സൃഷ്ടിക്കുന്ന സവിശേഷമായ ബന്ധ
മാണ് വിവരസാങ്കേതികവിദ്യയുടെ കാലത്ത് ഏറെ നിർണ്ണായകമായിത്തീരു
ന്നത്. സാങ്കേതകവിദ്യ, നൈപുണ്യം, അധ്വാനം, മൂലധനം, പ്രകൃതിയിൽ നിന്ന്
മനുഷ്യാധ്വാനത്തിലൂടെ പകർന്നെടുക്കുന്ന ഊർജ്ജം എന്നിവയെല്ലാം ഉൽപ്പാ
ദനശക്തികളെ എങ്ങിനെ ഉപയോഗിക്കണമെന്ന കാര്യത്തിൽ പ്രധാനമായും
കടന്നുവരുന്നു. നവമാധ്യമം എന്നത് വിനിമയ ഉൽപ്പാദനശക്തികളിൽ ഏറെ
പ്രധാനമായ ഒന്നാണ്. 2000-01 കാലത്തെ ഡോട്.കോം ക്രാഷ് പുതിയ മൂലധ

നവ്യവസ്ഥക്കകത്ത് വിവരസാങ്കേതിക വിദ്യക്കുള്ള സ്ഥാനം വളരെ നിർണ്ണായകമായതാണെന്ന് തെളിയിച്ചു. സാമ്പത്തികശാസ്ത്രത്തിന് വിവരസാങ്കേതികവിദ്യ ഒരു പുതിയ വിചാരമാതൃക നൽകിയിരിക്കുന്നുവെന്ന് പറയാം. സാമ്പത്തികവ്യവഹാരങ്ങളെ വലിയതോതിൽ ഉദ്ഗ്രഥിക്കാനുള്ള ശേഷി വിവരസാങ്കേതികവിദ്യ കൈവരിച്ചിരിക്കുന്നു.

വിവരസാങ്കേതികവിദ്യയെക്കുറിച്ചുള്ള ചർച്ചകളിൽ പലപ്പോഴും ഒരുതരം സാങ്കേതികവിദ്യാനിർണ്ണയനവാദം പ്രബലമായി കടന്നുവരുന്നത് കാണാം. സാങ്കേതികവിദ്യയെ സാമൂഹ്യബന്ധങ്ങളിൽ നിന്ന് വേർപെടുത്തിക്കാണുന്നുവെന്നതാണ് സാങ്കേതികവിദ്യാനിർണ്ണയനവാദത്തിന്റെ ഏറ്റവും വലിയ പരിമിതി. സാങ്കേതികവിദ്യക്ക് പരമാധികാരം കൽപ്പിക്കുന്ന ഒരു കാഴ്ചപ്പാടാണിത്. 1990 കളിലാണ് ഈ സാങ്കേതികവിദ്യാനിർണ്ണയനവാദം ശക്തിപ്പെട്ടത്. ടെലികമ്മ്യൂണിക്കേഷൻ, ഇന്റർനെറ്റ് എന്നീ മണ്ഡലങ്ങളിൽ കോർപ്പറേറ്റുകൾ വലിയതോതിൽ മുതലിറക്കുന്നത് ഈ കാലഘട്ടത്തിലാണ്.

പുതിയ സാങ്കേതികവിദ്യക്കകത്തെ അവസരങ്ങളുടെ ധാരാളിത്തത്തെ പ്രചോദിപ്പിക്കുകയാണ് നവമാധ്യമം ചെയ്യുന്നത്. അത് വ്യാപാരത്തിന്റെ ഘടനയിലും ഉപഭോക്താക്കളുമായുള്ള ബന്ധത്തിലും വലിയമാറ്റം വരുത്തിയിരിക്കുന്നു. പുതിയ പര്യവേക്ഷണങ്ങളേയും ഉൽപ്പാദനക്ഷമതയേയും അത് ഉത്തേജിപ്പിച്ചിട്ടുണ്ട്. മുതലാളിത്തത്തിന്റെ കൈപ്പിടിയിൽനിന്ന് സാങ്കേതികവിദ്യ കുതറിമാറിയെന്നും നമ്മുടെ സമ്പദ്ഘടന ഭാരഹീനമായിത്തീർന്നിരിക്കുന്നുവെന്നും ചിലർ വാദിച്ചു. പരമ്പരാഗത മട്ടിലുള്ള ഉൽപ്പാദനത്തിന്റേയും സാമ്പത്തികപ്രതിസന്ധികളുടേയും കാലം അവസാനിപ്പിച്ചിരിക്കുന്നതായി പലർക്കും തോന്നി.

എന്നാൽ ഇത്തരം ശുഭപ്രതീക്ഷകളെയെല്ലാം കാറ്റിൽപ്പറത്തി വലിയ സാമ്പത്തിക പ്രതിസന്ധികളിലേക്ക് ലോകം മൂപ്പുകുത്തുന്നതാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നാം കണ്ടത്. അതോടെ നവസാങ്കേതികവിദ്യകളുടെ ഉദയം മുതലാളിത്തത്തിന്റെ അടിസ്ഥാനസ്വഭാവത്തിന് മാറ്റമൊന്നും വരുത്തിയിട്ടില്ലെന്ന് നമുക്ക് ബോധ്യപ്പെട്ടു. മേൽസൂചിപ്പിച്ച ഡോട്.കോം പ്രതിസന്ധി ഐ.ടി. കമ്പനികളേയും ടെലിക്കോം കമ്പനികളേയും മൈക്രോചിപ്പ് വ്യവസായത്തേയും പ്രതികൂലമായി ബാധിച്ചു. അമിതോൽപ്പാദനമാണ് മുതലാളിത്തത്തെ ബാധിച്ച പകർച്ചവ്യാധിയെന്ന് മാർക്സ് സൂചിപ്പിക്കുന്നുണ്ട്. വിവരസാങ്കേതികവിദ്യയാൽ പ്രചോദിപ്പിക്കപ്പെട്ട പുതിയവ്യവസായങ്ങളും ഇതേ പകർച്ചവ്യാധിയുടെ പിടിയിൽ പെട്ടു. മാർക്കറ്റിന്റെ ഒരു പങ്ക് പിടിച്ചുപറ്റാനും ചുരുങ്ങിയ കാലയളവിൽ വലിയലാഭമുണ്ടാക്കാനുമുള്ള ശ്രമമാണ് അമിതോൽപ്പാദനത്തിൽ കലാശിക്കുന്നത്.

നവസാങ്കേതികവിദ്യയുടെ കമ്പോളത്തിൽ നിന്ന് മുതലാളിത്തശക്തികൾക്ക് ലഭിച്ച ലിക്യുഡ് മൂലധനത്തെ (മിച്ചമൂല്യത്തെ) റിയൽ എസ്റ്റേറ്റ് പോലുള്ള സ്ഥിരമൂലധനമാക്കിമാറ്റാനുള്ള ശ്രമങ്ങളും നടന്നു. അതായത് മുതലാളിത്തം വരച്ചുവെച്ച കളിക്കളത്തിനകത്തുതന്നെയാണ് നവസാങ്കേതികവിദ്യയെ മുൻ നിർത്തിയുള്ള വ്യവസായങ്ങളും പ്രവർത്തിച്ചതെന്ന് ചുരുക്കം. ചുരുങ്ങിയ സമയംകൊണ്ട് സാങ്കേതികവിദ്യയുടെ വളർച്ചയുടെ തോതുമായി പൊരുത്തപ്പെടാത്തവിധത്തിലുള്ള മൂലധനനിക്ഷേപമാണ് ഈ മേഖലയിൽ

നടന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു. മനുഷ്യപ്രകൃതത്തെത്തന്നെ നിരാകരിക്കുന്ന ടെക്നോളജിക്കൽ പ്രവചനങ്ങളാണ് ആദ്യഘട്ടത്തിൽ ഈ മേഖലയിൽ ഉണ്ടായത്. പുസ്തകങ്ങൾ, ടെലിവിഷൻ, ക്യാമറ, റേഡിയോ എന്നിങ്ങനെ വ്യവസായയുഗത്തിൽ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവന്ന എല്ലാറ്റിനേയും ഏകാത്മകമായി നവമാധ്യമത്തിലേക്ക് ഉദ്ഗ്രഥിക്കാനാവുമെന്ന പ്രവചനം പൂർത്തിയാക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. ആവശ്യങ്ങളുടെ അനന്തമായ വിപുലനം നവസാങ്കേതികവിദ്യിലൂടെ സാധ്യമാകുമെന്ന പ്രവചനം പൂർത്തീകരിക്കപ്പെടാതെ പോയതിന്റെ കാരണങ്ങളിലൊന്ന് ഉൽപ്പാദകരും ഉപഭോക്താക്കളും തൊഴിലാളികൾ തന്നെയായിരുന്നുവെന്നതാണ്. മൂലധനശക്തികൾ കരുതിയതുപോലെ തൊഴിലാളികളിൽ നവമാധ്യമീകൃതമായ ചോദന സൃഷ്ടിക്കാൻ കഴിഞ്ഞില്ല. അതായത് അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യം മാത്രമല്ല ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വൈരുദ്ധ്യവും നവമാധ്യമപ്രചോദിതമായ മുതലാളിത്ത വളർച്ചയിൽ നിർണ്ണായകമായിത്തീരുന്നുണ്ടെന്ന് ചുരുക്കം.

മുതലാളിത്ത ഉൽപ്പാദനം ഇന്റസ്ട്രിയൽ എന്നതിനോടൊപ്പം ഇൻഫോർമേഷണൽ കൂടിയായിരിക്കുന്നു. ഏത് ഉൽപ്പാദനത്തിനും അറിവ് ആവശ്യമാണ്. എന്നാൽ അറിവുതന്നെ അറിവിനുമേൽ നടത്തുന്ന പ്രയോഗങ്ങൾ ഉൽപ്പാദനപ്രക്രിയയിൽ ഇടനില തീർക്കുന്നതാണ് ഇൻഫോർമേഷണൽ വ്യവസായത്തിന്റെ സവിശേഷത. ഇതിലൂടെ ഉൽപ്പന്നങ്ങളുടെ സംസ്കാരവൽക്കരണത്തിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്.

ഇൻഡസ്ട്രിയലിസം ഉൽപ്പന്നത്തെ പരമാവധിയാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ ഇൻഫോർമേഷണലിസം സാങ്കേതികവിദ്യയുടെ വികാസമാണ് ലക്ഷ്യമാക്കുന്നത്. അതായത് ഇൻഫോർമേഷൻ, ഉൽപ്പാദനത്തിന്റെ ടെക്നോളജിയെ കാര്യക്ഷമമാക്കാനും അതിനെ പരസ്യപ്പെടുത്താനും ശ്രമിക്കുന്നു. അതായത് ഇന്ന് ഉൽപ്പാദനപ്രക്രിയയിൽ എന്താണ് ഉൽപ്പാദിപ്പിക്കുന്നതെന്ന ചോദ്യം മാത്രമല്ല നിലനിൽക്കുന്നത്. എങ്ങിനെ ഉൽപ്പാദിപ്പിക്കുന്നുവെന്ന ചോദ്യവും പ്രധാനമായിത്തീരുന്നു.

യന്ത്രം എന്നത് മിച്ചമൂല്യം ഉൽപ്പാദിപ്പിക്കാനുള്ള ഉപാധിയാണ്. അതായത് മൂലധനത്തിന്റെ ഭൗതികവും ബൗദ്ധികവുമായ വസ്തുവൽക്കരിക്കപ്പെട്ട രൂപമാണ് യന്ത്രം. സ്ഥിരമൂലധനം മുതലാളിത്ത ഉൽപ്പാദനവ്യവസ്ഥയുമായി ഉൽഗ്രഥിക്കപ്പെട്ടതോടെ നിരവധിയായ മെറ്റാമോർഫോസിസിന് വിധേയമായി എന്നു ഒടുവിൽ അത് പര്യവസാനിച്ചത് യന്ത്രവ്യവസ്ഥയുടെ രൂപത്തിലായിരുന്നവെന്നും മാർക്സ് സൂചിപ്പിക്കുന്നുണ്ട്. യന്ത്രം യഥാർത്ഥത്തിൽ തൊഴിലാളിയുടെ നൈപുണ്യത്തെ അയാളിൽ നിന്ന് അന്യവൽക്കരിക്കുകയും അയാളെ യന്ത്രത്തിന്റെ അനുബന്ധം മാത്രമാക്കിമാറ്റുകയും ചെയ്യുന്നു.

അതേ സമയം യന്ത്രം അയാൾക്ക് മുമ്പില്ലാത്തവിധം കൂടുതൽ ഒഴിവു വേള നൽകുന്നു. അധ്വാനത്തിന്റെ അളവിനേക്കാൾ ഗുണമാണ് ഉൽപ്പാദനത്തെ സ്വാധീനിക്കുന്നതെന്ന് വന്നു. അതോടെ ശാസ്ത്രവും സാങ്കേതികവിദ്യയും മിച്ചമൂല്യവുമായി നേരിട്ട് ബന്ധപ്പെടുന്നതായി. സാങ്കേതികവിദ്യയിലുണ്ടായ വികാസം അവശ്യം അധ്വാനത്തിന്റെ അളവ് കുറച്ചിട്ടുണ്ട്.

അതേസമയം എട്ടുമണിക്കൂറിൽ ബാക്കിവരുന്ന സമയം-മിച്ചസമയം-മിച്ചമൂല്യമായിത്തീരുന്നു. യാന്ത്രികപുനരുൽപ്പാദനം യഥാർത്ഥ അധ്വനത്തെ ചുരുക്കുകയും ലാഭം പെരുപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണമായി ഡിജിറ്റലൈസേഷൻ പുനരുൽപ്പാദനത്തിനാവശ്യമായ അധ്വാനം വളരെയേറെ കുറച്ചിരിക്കുന്നു. മാത്രമല്ല അത് ഉൽപ്പന്നത്തെ പാരമ്പര്യത്തിന്നുവെളിയിലേക്ക് കൊണ്ടുവരികയും ഉൽപ്പനങ്ങൾക്ക് ചുറ്റുമുണ്ടായിരുന്ന പരിവേഷത്തെ ലയിപ്പിച്ചുകളയുകയും ചെയ്തിരിക്കുന്നു. വളർന്നുവരുന്ന സാമൂഹ്യമായ പരസ്പരാശ്രിതത്വത്തിന്റെ സൂചകമാണ് യന്ത്രം. യന്ത്രം ഒരേ സമയം ഉൽപ്പാദനശക്തിയുടേയും അതേസമയം ഉൽപ്പാദനബന്ധങ്ങളുടേയും വളർച്ചക്ക് കാരണമാകുന്നു.ഉൽപ്പാദനശക്തികളുടെ വളർച്ചതന്നെയാണ് ഉൽപ്പാദനബന്ധങ്ങളുടെ വിപുലനത്തിൽ കലാശിക്കുന്നത്. ഇന്റർനെറ്റ് ഒരേസമയം ഉൽപ്പാദനശക്തികളെ സമാഹരിക്കുകയും ഉൽപ്പാദനബന്ധങ്ങളെ വിപുലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സംവേദനം ഇതിൽ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ഇതിൽ വിപുലമായ തോതിൽ സാംസ്കാരിക ഘടകങ്ങൾ ഇടപെടുന്നുണ്ട്. വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങൾ മൂല്യവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു.

അതിനാലാണ് ഇതിൽ സംസ്കാരത്തിന്റെ ഇടപെടലുണ്ടെന്ന് പറയുന്നത്. യന്ത്രം സ്ഥിരമൂലധനത്തെയാണ് പ്രതിനിധീകരിക്കുന്നതെങ്കിലും അത് അതിന്റെ ഉപയോഗമൂല്യത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. ഈ ഉപയോഗമൂല്യമല്ല മൂലധനമെന്ന് മാർക്സ് സൂചിപ്പിക്കുന്നുണ്ട്. ഒരു യന്ത്രം എന്തിനുവേണ്ടിയാണോ നിർമ്മിച്ചത് ആ ഉദ്ദേശത്തെ അതിവർത്തിച്ച് മുന്നേറാൻ അതിനു കഴിയും. അതേവിധം ആ യന്ത്രം നിലനിൽക്കുന്ന ഉൽപ്പാദനബന്ധങ്ങളെ അതിവർത്തിക്കാനുള്ള ശേഷിയുള്ളതാണ്. ഇതിന്റെ ക്ലാസ്സിക്കൽ ദൃഷ്ടാന്തമാണ് ഇന്റർനെറ്റ്. അമേരിക്കൻ യുദ്ധതന്ത്രത്തിന്റെ ഭാഗമായി വികസിപ്പിച്ച പ്രോജക്റ്റാണല്ലോ ഇന്ന് കാണുന്ന ഇന്റർനെറ്റായി വളർന്നത്. ഉപയോഗമൂല്യത്തെക്കുറിച്ചുള്ള സാമാന്യമായ സങ്കൽപ്പങ്ങളെ മുഴുവൻ അതിവർത്തിക്കുന്ന യന്ത്രമാണ് ഇന്റർനെറ്റ് എന്ന് പറയാം.

പലപ്പോഴും സാമൂഹ്യബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ സ്വതന്ത്രമായ വികാസത്തിന് വിലങ്ങായിത്തീരും അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ശക്തികൾ സാമൂഹ്യബന്ധങ്ങളെ അതിവർത്തിച്ച് വളരുന്നത് കാണാം. നവമാധ്യമങ്ങൾ ഈ കരുത്ത് തെളിയിച്ച് തുടങ്ങിയിട്ടുണ്ട്. ഉദാഹരണമായി ഒരു ഗവർമ്മേണ്ട് പ്രതിസന്ധിയുടെ കാലത്ത് വാർത്തകൾക്ക് നിയന്ത്രണമേർപ്പെടുത്തി എന്നിരിക്കട്ടെ. ആ സമയത്ത് നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി പരമാവധി വാർത്തകൾ സംഘടിപ്പിക്കാൻ ഒരു മാധ്യമത്തിന് കഴിയും. അതായത് ഭരണകൂടത്തെ ആശ്രയിക്കാതെ സമൂഹത്തിലെ വിവിധ ഗണങ്ങൾക്ക് കുറുകേ സഞ്ചരിച്ച് വാർത്തകൾ ശേഖരിക്കാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. ഉൽപ്പാദനബന്ധങ്ങളുടെ സ്വച്ഛന്ദമായ വികാസത്തിന് കൈവന്ന പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്.

ഉൽപ്പാദനശക്തികളുടെ വളർച്ച ഉൽപ്പാദനബന്ധങ്ങളെ യാന്ത്രികമായി നിർണ്ണയിക്കുകയല്ല ചെയ്യുന്നത്. ഉൽപ്പാദനശക്തികളുടെ വികാസത്തിന്റെ കാര്യത്തിൽ ചൈനീസ് സമൂഹത്തിന് മുതലാളിത്ത സമ്പദ്വ്യവസ്ഥയിലേക്ക് വള

രാനുള്ള സാധ്യത നാനൂറുവർഷംമുമ്പുതന്നെ ഉണ്ടായിരുന്നുവെന്നും ആ സമൂഹത്തിലെ ഉൽപ്പാദനബന്ധങ്ങൾ പ്രസ്തുതവളർച്ചക്ക് വിഘാതം സൃഷ്ടിച്ചതുകൊണ്ടാണ് അത് സംഭവിക്കാതിരുന്നതെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അതായത് സാമൂഹ്യവികാസത്തിന്റെ വസ്തുനിഷ്ഠസാഹചര്യം നിർണ്ണയിക്കുന്നതിൽ ഉൽപ്പാദനബന്ധങ്ങൾക്കുള്ള പ്രാഥമികത്വത്തിലേക്കാണ് ഇക്കാര്യം വിരൽചൂണ്ടുന്നത്. ഉൽപ്പാദനബന്ധങ്ങളിൽ ഒരു സമൂഹത്തിന്റെ തെരഞ്ഞെടുപ്പ് വളരെ പ്രധാനമായി വരുന്നുണ്ട്.

അതായത് മേൽപ്പുര അടിത്തറയെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നുണ്ടെന്നർത്ഥം. അതായത് വർഗ്ഗപരമായ സംഘർഷം അടിത്തറയിൽ മാത്രമല്ല മേൽപ്പുരയിലും നടക്കുന്നുണ്ട്. വിവരസാങ്കേതികവിദ്യാവിപ്ലവത്തിന്റെ നിർണ്ണായകമായിത്തീരുന്നത് ഉൽപ്പാദനബന്ധങ്ങളിൽ സംഭവിക്കുന്ന വലിയതോതിലുള്ള പരിണാമമാണ്. അതായത് സംവേദനം-കമ്മ്യൂണിക്കേഷൻ -വർഗ്ഗബന്ധങ്ങൾ നിർണ്ണയിക്കുന്നതിലും അതുവഴി വർഗ്ഗസമരത്തിലും നിർണ്ണായകമായിത്തീരുന്നു എന്നർത്ഥം. അതായത് ഇന്റർനെറ്റ് ഉൽപ്പാദനശക്തികളുടെ ഉദ്ഗ്രഥനം പലമട്ടിൽ നിർവ്വഹിക്കുമ്പോൾത്തന്നെ അത് മറ്റൊരുവഴിയിൽ ഉൽപ്പാദനബന്ധങ്ങളിലെ സംഘർഷം മൂർച്ഛിപ്പിക്കുന്നുമുണ്ട്. ഉൽപ്പാദനത്തിന്റെ സാമൂഹികതയുടെ ഒരു സൂചകവും അതിന്റെ പ്രചോദനവുമാണ് സംവേദനം. ഉൽപ്പാദനശക്തികളുടെ സ്വകാര്യവൽക്കരണത്തിനെതിരെ വളർന്നുവരാൻ ഉൽപ്പാദനബന്ധങ്ങൾക്കിടയിലെ വിനിമയം വഴിയൊരുക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ യന്ത്രത്തിന് അതിന്റെ സന്നിഹിത സാഹചര്യത്തെ മറികടന്നുപോകാനുള്ള ശേഷിയുണ്ട്. എന്നാൽ ഈ ശേഷി യന്ത്രത്തിനുണ്ടാകുന്നത് സവിശേഷമായ ഉൽപ്പാദനബന്ധങ്ങളുടെ പശ്ചാത്തലത്തിലാണ്. അതായത് സവിശേഷമായ ഉൽപ്പാദനബന്ധങ്ങളുടെ വളർച്ചയാണ് യന്ത്രത്തിന്റെ അതിവർത്തനശേഷിയായി പ്രത്യക്ഷപ്പെടുന്നതെന്നർത്ഥം. അതായത് ഉൽപ്പാദനബന്ധങ്ങളിൽ സംഭവിക്കുന്ന പരിണാമത്തിന്റെ ഭൗതികരൂപമാണ് യന്ത്രത്തിന്റെ അതിവർത്തനശേഷി. ഇക്കാര്യം നവമാധ്യമങ്ങളുടെ കാലത്ത് പ്രകടമായിരിക്കുന്നു.

### നാപ്സ്റ്റർ ഫയലിന്റെ കഥ

നവമാധ്യമങ്ങളുടെ സാങ്കേതികമായ വികാസം എല്ലാറ്റിനേയും രാഷ്ട്രീയവൽക്കരിച്ചിട്ടുണ്ട്. മുതലാളിത്ത വിരുദ്ധമായ സമരത്തിന് 1990 കൾക്കുശേഷം ഒരു പുതിയമാനം കൈവന്നിരിക്കുന്നു. നാപ്സ്റ്റർ കമ്പനി തുടങ്ങിവെച്ച ഇന്റർനെറ്റ് വഴിയുള്ള ഫയൽ കൈമാറ്റസംവിധാനമാണ് ഇതിന് തുടക്കമിട്ടത്. മുതലാളിത്ത കൈമാറ്റ വ്യവസ്ഥയുടെ പരിധിക്കുവെളിയിൽ സംഗീതത്തെ പ്രതിഷ്ഠിക്കാൻ നാപ്സ്റ്ററിനുകഴിഞ്ഞു. ഭൗതികമായ ഇല്ലായ്മക്കെതിരെ നടക്കുന്ന ചെറുത്തുനിൽപ്പിന്റെ ഭാഗം തന്നെയാണിത്.

വാർണർ, യൂണിവേഴ്സൽ, ബ്രിറ്റൽസ്മാൻ, സോണി, ഇം.എം.ഐ. എന്നിവയാണ് ആഗോള സംഗീതലോകത്തെ ഭീമന്മാർ. 1990 കളിൽ വികസിച്ചുവന്ന രണ്ട് സാങ്കേതിക വിദ്യകളാണ് ഇന്റർനെറ്റും ബൗദ്ധിക സ്വത്തവകാശവും തമ്മിലുള്ള തർക്കം മൂർച്ഛിപ്പിച്ചത്. MP3, P2P എന്നിവയാണവ. പത്തൊ

സ്തുകാരനായ ഷോൺ ഫാന്നിംഗ് എന്ന അമേരിക്കൻ യുവാവാണ് P2P എന്ന സാങ്കേതികത വികസിപ്പിച്ചെടുത്തത്. വലിയ കമ്പനികളുടെ രീതിയിലുള്ള മുതൽമുടക്കൊന്നുമില്ലാതെയാണ് നാപ്സറ്ററിന് ഈ വിദ്യ സ്വന്തമാക്കാൻ കഴിഞ്ഞത്. ഒരുതരത്തിൽ പറഞ്ഞാൽ മേൽസൂചിപ്പിച്ച സാങ്കേതികവിദ്യകളെല്ലാം സാമൂഹ്യധിഷണയുടെ സാമാന്യ ഉൽപ്പാദന ശക്തിയെയാണ് പ്രതിനിധീകരിക്കുന്നത്. സ്വയം പ്രവർത്തിക്കുന്ന സ്ഥിരമൂലധനത്തിന്റെ രൂപമായ യന്ത്രത്തെക്കുറിച്ച് മാർക്സ് നടത്തിയ ഈ നിരീക്ഷണം നവമാധ്യമങ്ങളുടെ കാലം വരുമ്പോഴേക്കും ഏറെക്കുറേ സുവ്യദിതമായിരിക്കുന്നു. സുഹൃത്തുക്കളുമായുള്ള സൗഹൃദസംഭാഷണത്തിനിടയിലാണ് ഫാന്നിംഗിന് ഈ ആശയം ഉദിച്ചത്. ചാറ്റിംഗ്, പാട്ടുകളുടേയും വിവരങ്ങളുടേയും പരസ്പര വിനിമയം എന്നുവക്കെല്ലാം സൗകര്യമൊരുക്കുക എന്ന ഉദ്ദേശത്തോടെയാണ് ഫാന്നിംഗ് തന്റെ പരീക്ഷണം ആരംഭിച്ചത്. ഒരാളുടെ കമ്പ്യൂട്ടറിനെ മറ്റൊരാളുടെ കമ്പ്യൂട്ടറുമായി ബന്ധപ്പിച്ച് മ്യൂസിക് ഫയലുകൾ കൈമാറാൻ കഴിയുന്ന സംവിധാനമാണ് ഫാന്നിംഗ് വികസിപ്പിച്ചത്. ഇവിടെ സെർവറിൽ ഫയലുകൾ സൂക്ഷിച്ചുവെക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. റിക്കോർഡിംഗിലൂടെയാണ് അവയുടെ കൈമാറ്റം. നെപ്സ്റ്റർ വളരെ ജനപ്രിയമായിത്തീർന്നപ്പോൾ 80 മില്ല്യൻ ആളുകളാണ് ഈ സമുദായത്തിൽ അംഗങ്ങളായത്.

ഇന്റർനെറ്റിലെ വികാസങ്ങൾ മാധ്യമ ഉപഭോഗത്തെ വളരെയേറെ വ്യക്തിവൽക്കരിച്ചിരിക്കുന്നു. പി 2 പി സാങ്കേതികവിദ്യ ഒരു വ്യക്തിയുടെ ഫയൽശേഖരത്തെ പൊതുവായ ഉപയോഗത്തിനായി തുറന്നുവെക്കുന്നു. പി 2 പി സാങ്കേതികവിദ്യ പൊതുസ്വത്തിന്റെ വ്യാപനമാണ് സാധ്യമാക്കിയത്. ഇത് കോർപ്പറേറ്റ് മൂലധനത്തിന് കൂടുതൽ ശക്തമായ വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. സാംസ്കാരികോൽപ്പന്നങ്ങളുടെ വിതരണത്തിന്റെ കുത്തക കോർപ്പറേറ്റുകൾക്ക് നഷ്ടപ്പെടുന്നു എന്നതാണ് അവർ നേരിടുന്ന ഭീഷണി. കുത്തകകളുടെ ഈ ഭയം കാരണമാണ് നിലവിൽ വന്ന് ആറുമാസം കഴിഞ്ഞപ്പോൾത്തന്നെ നെപ്സ്റ്ററിനെതിരെ നിയമനടപടികളുമായി നീങ്ങാൻ റിക്കാർഡിങ്ങ് ഇന്റസ്ട്രി അസോസിയേഷൻ ഓഫ് അമേരിക്ക (ആർ.ഐ.എ.എ) തയ്യാറായത്.

പകർപ്പവകാശനിയമത്തെ മുൻനിർത്തിയാണ് ഇവർ നെപ്സ്റ്ററിനെതിരെ നടപടിക്ക് നീങ്ങിയത്. മോഷണം, നൈതികത തുടങ്ങി നിരവധി മനുഷ്യത്വപരമായ സങ്കൽപ്പങ്ങൾ ഈ നിയമനടപടിയുടെ ചർച്ചയിൽ കടന്നുവരുന്നു. വിതരണ ശൃംഖലയാണല്ലോ മിച്ചമൂല്യം വർധിപ്പിക്കാൻ മുതലാളിത്തം കണ്ടെത്തുന്ന പ്രധാനമാർഗ്ഗം. അതായത് ഉപയോഗമൂല്യത്തേക്കാൾ വിനിമയമൂല്യമാണ് മുതലാളിത്തത്തെ താങ്ങിനിർത്തുന്നത്. നെപ്സറ്ററിന്റെ കാര്യത്തിൽ ഒരു ചരക്ക് എന്ന നിലക്കുള്ള സാംസ്കാരികോൽപ്പന്നങ്ങളുടെ നിലനിൽപ്പാണ് ചോദ്യം ചെയ്യപ്പെട്ടത്. എന്നാൽ കോടതി വിധി നെപ്സ്റ്ററിനെതിരായിരുന്നു. വരിസംഖ്യയുടെ അടിസ്ഥാനത്തിലുള്ള സേവനം മാത്രമേ നെപ്സ്റ്റർ നടത്താവൂ എന്നും അവർ കൈമാറുന്ന ഉൽപ്പന്നങ്ങൾക്ക് റോയൽറ്റി നൽകണമെന്നുമാണ് കോടതിവിധിച്ചത്. മൗലികശേഷിക്കുമേലുള്ള ദമിതാധികാര പ്രയോഗമായിത്തന്നെവേണം ഈ കോടതിവിധിയെക്കാണാൻ. പക്ഷെ ഈ വിധിക്ക്

എം.പി.3, പി 2 പി എന്നീ സങ്കേതങ്ങളെ തടയാനാവില്ല.

ഉൽപ്പാദനശക്തികളുടെ മിച്ചശേഷിയും സാമൂഹ്യബന്ധങ്ങളും തമ്മിലുള്ള നേരിട്ടുള്ള ഇടർച്ച നമുക്ക് ഈ നിയമയുദ്ധത്തിൽ കാണാം. നെപ്സ്റ്റർ തുടങ്ങിവെച്ചത് മൂല്യരഹിത വിനിമയമാണ്. ഭരണകൂടം പോലുള്ള കേന്ദ്രരൂപങ്ങളുടെ ഇടനിലയും ഇവിടെ ഇല്ല. കോടതി വിധി വന്നതോടെ പല മ്യൂസിക് കമ്പനികളും വരിസംഖ്യ ഈടാക്കി ഫയൽ കൈമാറ്റ സേവനമാരംഭിച്ചു. യഥാർത്ഥത്തിൽ ജനങ്ങളുൽപ്പാദിപ്പിച്ച ഒരു ഉൽപ്പാദനശക്തിയെ മുതലാളിത്തം കൈവശപ്പെടുത്തുകയായിരുന്നുവെന്ന് പറയാം. അതായത് ജനങ്ങൾ വികസിപ്പിച്ച ഒരു ഉൽപ്പാദന ശക്തിയെ മുതലാളിത്തം പണത്തിന്റെ ഇടനിലയോടെ ഒരു ചരക്കാക്കി മാറ്റി. ഭൂമിയുൾപ്പെടെയുള്ള ഉൽപ്പാദനശക്തികളെ മുതലാളിത്തം അതിന്റെ ലാഭം ഉൽപ്പാദിപ്പിക്കുന്നതിനായി ജനങ്ങളിൽ നിന്ന് പിടിച്ചെടുക്കുന്നതുപോലെയാണിത്.

ഇതുവരെ പറഞ്ഞതിൽ നിന്ന് എന്താണ് വ്യക്തമാകുന്ന വസ്തുത? മുതലാളിത്തത്തിന്റെ സാമാന്യനിയമങ്ങൾക്ക് വെളിയിലല്ല നവമാധ്യമങ്ങൾ എന്നതുതന്നെ. ഉൽപ്പാദനശക്തിയും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ഇവിടേയും നിലനിൽക്കുന്നതായി മനസ്സിലാക്കാം. നവമാധ്യമങ്ങളുടെ കാര്യത്തിൽ അവശ്യം വരുന്ന അധ്വാനത്തിന്റെ കാലദൈർഘ്യം കുറയുകയും മിച്ചാധ്വാനത്തിന്റെ കാലദൈർഘ്യം കൂടുകയും ചെയ്തിട്ടുണ്ട്. മൂലധനതാൽപ്പര്യങ്ങൾക്ക് കൈവരുന്ന അമിതമായ ഊന്നൽ ഈ മേഖലയിലെ സാംസ്കാരികമായ വഴക്കങ്ങളെ വെല്ലുവിളിച്ചിരിക്കിന്നു. നെപ്സറ്ററിന് ലഭിച്ച ജനകീയ സ്വീകാര്യതയും സ്വതന്ത്രസോഫ്റ്റ് വെയറിനുവേണ്ടി നടക്കുന്ന ശ്രമങ്ങളും ഈ മേഖലയിലെ വർഗവൈരുദ്ധ്യത്തെ മറയില്ലാതെ പുറത്തുകൊണ്ടുവന്നിരിക്കുന്നു. ഒരു യന്ത്രം അതിന്റെ ലീനശേഷിയെ സാമൂഹ്യ ഉൽപ്പാദനത്തിലൂടെയും ഉപഭോഗത്തിലൂടെയും വെളിപ്പെടുത്തുന്ന ചരിത്രത്തിലെ ആദ്യത്തെ മുഹൂർത്തമാണിത്.

അറിവുതന്നെ പ്രധാനപ്പെട്ട ഉൽപ്പാദനശക്തിയും ഉൽപ്പന്നവുമായിത്തീരുന്നതോടെ ഉൽപ്പാദനപ്രക്രിയയുടെ സാമൂഹ്യാടിത്തറ വിപുലമായിത്തീർന്നിട്ടുണ്ട്. ഇത് സ്വകാര്യവും മൽസരാധിഷ്ഠിതവും ശ്രേഷ്ഠീബദ്ധവുമായ മുതലാളിത്ത ഘടനയെ സാരമായി വെല്ലുവിളിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു യന്ത്രത്തിന്റെ യഥാർത്ഥശേഷിയും ലീനശേഷിയും എന്ന വസ്തതു മാർക്സ് മൂലധനത്തെ സൂചിപ്പിക്കുന്നുണ്ട്. നിരന്തരമായ ഉപയോഗത്തിലൂടെ ഈ ലീനശേഷിയെ പുറത്തെടുക്കാൻ തൊഴിലാളിക്ക് കഴിയും. ചരിത്രത്തിൽ മറ്റ് യന്ത്രങ്ങളേക്കാൾ ഇക്കാര്യം തെളിയിച്ചിരിക്കുന്നത് നവമാധ്യമങ്ങളാണ്. അതുകൊണ്ടുതന്നെ ഉൽപ്പാദനശക്തിക്കുമേലുള്ള വർഗസമരം മൂർച്ഛിച്ചിട്ടുമുണ്ട്.

**രണ്ട്**

വിനിമയം എന്ന ഉൽപ്പാദനശക്തി നവമാധ്യമങ്ങളുടെ സന്ദർഭത്തിൽ എത്രമാത്രം പ്രധാനമായിത്തീരുന്നുവെന്നാണ് ഇതുവരെയായി വിവരിച്ചത്. ഉൽപ്പാദനശക്തിയുടെ സ്വഭാത്തിൽ വന്ന ഈ പരിണാമം ഏറ്റവുമധികം പ്രശ്നം സൃഷ്ടിച്ചത് ഭാഷയുടെ വിവിധങ്ങളായ വ്യവഹാരങ്ങളിലാണ്. ഇക്കാര്യമാണ്

ഇനി പരിശോധിക്കാനുള്ളത്. മനുഷ്യർ ഇതര ജന്തുക്കളിൽ നിന്ന് വിഭിന്നമായി സ്വന്തം അസ്തിത്വത്തെ നിർമ്മിച്ചെടുക്കുന്നു. ഇത് പ്രധാനമായും മൂന്ന് പ്രവൃത്തികളിലൂടെയാണ് നിർവ്വഹിക്കുന്നത്. അതിലൊന്ന് മേൽവിവരിച്ച സാമ്പത്തിക വിനിമയങ്ങളാണ്. മറ്റൊന്ന് രാഷ്ട്രീയ വ്യവഹാരങ്ങളാണ്.

സാമൂഹ്യഗണങ്ങളുടെ ശ്രേണീകരണവും അവർക്കിടയിലെ ബന്ധങ്ങളുമാണ് അതിൽ നിർണ്ണായകം. മൂന്നാമത്തേത് പ്രത്യയശാസ്ത്ര പ്രവൃത്തികളാണ്. വ്യക്തികളുടെ കർതൃത്വവും അവയുടെ വിന്യാസവുമാണ് ഇതിൽ പ്രധാനം. ഈ മൂന്ന് പ്രവൃത്തികളിലൂടെ മനുഷ്യർ വ്യവസ്ഥയെ സൃഷ്ടിക്കുകയും അതുവഴി മനുഷ്യർ സ്വയം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. സാമൂഹ്യരൂപീകരണ പ്രക്രിയയിൽ ഇടപെടുന്ന ഏജൻസി എന്ന നിലയിൽ മനുഷ്യനെ വിശദീകരിക്കാൻ കഴിയുക പ്രത്യശാസ്ത്ര പ്രവർത്തനങ്ങൾക്കാണ്. അർത്ഥോൽപ്പാദനമാണ് പ്രത്യയശാസ്ത്ര പ്രവർത്തനത്തിൽ പ്രധാനമായും നടക്കുന്നത്. ഈ അർത്ഥത്തെ പിന്തുണക്കുന്ന കർതൃത്വങ്ങളേയും അത് സൃഷ്ടിക്കുന്നു.

ഒരുതരത്തിൽ ഭാഷയിൽ നടക്കുന്ന പ്രതിനിധാനമാണ് പ്രത്യശാസ്ത്രം എന്ന് പറയാം. റിയലിസത്തിന്റെ കാലത്ത് ഭാഷക്ക് വെളിയിൽ ഒരു യാഥാർത്ഥ്യമുണ്ടെന്നും അത് ഭാഷയിൽ നിഴലിക്കുകയാണ് ചെയ്യുന്നതെന്നും കരുതിയിരുന്നു. എന്നാൽ ഭാഷയെ സൂചക-സൂചിത വ്യവസ്ഥയായി മനസ്സിലാക്കിയതോടെ സൂചിതത്തേയും അതുവഴി കർതൃത്വത്തേയും ഏതെങ്കിലും നിശ്ചിത ബന്ദുവിൽ കെട്ടിയിടാനാവില്ലെന്ന് നാം മനസ്സിലാക്കി. സൂചകത്തിന്റെ അർത്ഥോൽപ്പാദന ശേഷിയെ നിർവ്വീര്യമാക്കാനാണ് പ്രതിനിധാന സങ്കൽപ്പം ശ്രമിച്ചതെന്ന വിമർശനം പിന്നീട് ഉയർന്നതായി നമുക്കറിയാം. യഥാർത്ഥത്തിൽ ഭാഷയിലാണ് കർതൃത്വവും അതുവഴി പ്രത്യശാസ്ത്രബന്ധങ്ങളും നിർമ്മിക്കപ്പെടുന്നത്. ഭാഷക്ക് വെളിയിൽ നമുക്ക് നേരിട്ട് പ്രാപ്യമായ ഒരു യാഥാർത്ഥ്യമുണ്ടെന്ന് കരുതാൻ ന്യായമില്ലെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അതായത് പ്രത്യയശാസ്ത്രം മിഥ്യയല്ല. യാഥാർത്ഥ്യം തന്നെയാണെന്നർത്ഥം. ബാഹ്യലോകത്തെ പ്രതീകാത്മകായി ആന്തരവൽക്കരിക്കുന്നതും സ്വന്തം ഇച്ഛയെ ബാഹ്യവൽക്കരിക്കുന്നതും പ്രത്യയശാസ്ത്രപരമാണെന്ന് പറയാം.

ഇക്കാര്യം കുറേക്കൂടി വിശദമായി സിസക്ക് വിശദമാക്കുന്നുണ്ട്. 1991-ലെ ഗൾഫ് യുദ്ധക്കാലത്ത് വന്ന വാർത്തകളാണ് അദ്ദേഹം ദൃഷ്ടാന്തമായെടുക്കുന്നത്. അക്കാലത്തെ അമേരിക്കൻ/യൂറോപ്യൻ പത്രങ്ങൾ സദ്ദാം ഹുസൈനെ അപരിഷ്കൃതനും കാടൻ സംസ്കാരത്തിന്റെ ഉടമയുമായി ചിത്രീകരിക്കുന്നു. ഒരുതരം നരവംശശാസ്ത്രപരമായ പ്രാകൃതത്വം അദ്ദേഹത്തിൽ ആരോപിക്കാനും അതുവഴി ഇറാഖാക്രമണത്തെ ന്യായീകരിക്കാനും ഈ വ്യാഖ്യാനങ്ങൾക്ക് കഴിഞ്ഞു. ഇറാഖിനെ ആക്രമിക്കുന്നതിനുപിന്നിലെ രാഷ്ട്രീയ ലക്ഷ്യങ്ങൾ അതുവഴി തമസ്ക്കരിക്കപ്പെട്ടു. സാഹചര്യങ്ങളെ പരിഗണിക്കാതെ വ്യക്തിയിലേക്ക് തിൻമയെ പ്രക്ഷേപിക്കുക എന്നത് ഒരു പ്രത്യശാസ്ത്ര പദ്ധതിയാണെന്ന് പറയാം. ഈഡിപ്പൽ കോംപ്ലക്സാണ് വ്യക്തിയുടെ മനോരാഗത്തിന് കാരണം എന്ന് പറയുന്ന മനശ്ശാസ്ത്രസങ്കൽപ്പം പത്രാധിപത്യ സമൂഹത്തെ കുറ്റവിമുക്തമാക്കുകയാണ് ചെയ്യുന്നതെന്ന മാർകിസ്റ്റ് വിമർശനം ശ്രദ്ധിക്കാവുന്നതാണ്. കുറ്റവാളിയായ ഒരാളെ ശിക്ഷിക്കുന്നതിലൂടെ സമൂഹം സ്വന്തം

ബാധ്യത കയ്യൊഴിയുകയാണ് ചെയ്യുന്നത്. അതായത് ബാഹ്യസമൂഹത്തിന്റെ ഇച്ഛകളാണ് വ്യക്തിയുടെ തെറ്റായ പ്രവൃത്തിക്ക് കാരണം എന്ന് മനസ്സിലാ ക്കുന്നതിനുപകരം ഒരാളുടെ ആന്തരികമായ ചോദനകളാണ് തെറ്റിന്റെ ഉറ വിടം എന്നാരോപിക്കുന്നതാണ് പ്രത്യശാസ്ത്രപ്രവർത്തനത്തിന്റെ ഒരു രീതി.

അതേ സമയം തന്റെ എല്ലാതെറ്റിനും സമൂഹത്തിന്റെ പരാധീനതകളെ ഒരു വ്യക്തി പഴിചാരുന്നു എന്നിരിക്കട്ടെ. അതിലും ഒരു പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നുണ്ട്. അതായത് വേദനജനകമായ ഒരനുഭവത്തിന്റെ ഉറവിട ത്തിനായി ഒരാൾ സ്വന്തം ഉൾലോകത്തിന്റെ ഇച്ഛകൾ തേടിപ്പോകുന്നതിനുപ കരം അയാൾ അത് ബാഹ്യലോകത്ത് അന്വേഷിക്കുന്നു. സവിശേഷമായ അനു ഭവത്തിന്റെ പ്രഭവകേന്ദ്രമായി ആന്തരികലോകത്തെ കാണുന്നതിനുപകരം അതിനെ പുറത്തേക്ക് പ്രക്ഷേപിക്കുന്നതും പ്രത്യശാസ്ത്രപരമാണെന്ന് ചുരുക്കം. അതായത് പ്രത്യശാസ്ത്രത്തിന് പുറത്തുകടക്കുക എന്നത് ഏറെ ശ്രമകരമാണ്. പ്രത്യയശാസ്ത്രപരമല്ലാത്ത എന്തെങ്കിലുമുണ്ടോ ? അത് നിർണ്ണ യിക്കുക പ്രയാസമാണ്.

നവമാധ്യമങ്ങളിലെ വിനിമയം ഈ അർത്ഥത്തിൽ പ്രത്യയശാസ്ത്രപര മായ ആന്തരവൽക്കരണങ്ങളുടേയും ബാഹ്യവൽക്കരണത്തിന്റേയും ഇടമാ യിത്തീരുന്നു എന്ന് പറയാം. ഈ ഓരോ വിനിമയവും ഭിന്നകർതൃത്വങ്ങളെ യാണ് സൃഷ്ടിക്കുന്നതെന്ന് കാണാൻ പ്രയാസമില്ല. ചുരുക്കത്തിൽ നവമാധ്യ മങ്ങളിലെ വിനിമയം കർതൃത്വസ്ഥാനങ്ങളുടെ ബഹുത്വം വെളിപ്പെടുത്താൻ പര്യാപ്തമായി എന്ന് പറയാം. മുതലാളിത്തം എന്ന ബൃഹദാഖ്യാനത്തിനക ത്തുള്ള വൈരുദ്ധ്യങ്ങളുടെ ഭിന്നപ്രകാശനങ്ങളായി ഈ കർതൃത്വങ്ങൾ പ്രവർത്തിക്കുന്നുവെന്ന് പറയാം. തങ്ങൾ സൃഷ്ടിക്കുകയും തങ്ങളെ സൃഷ്ടി ക്കുകയും ചെയ്യുന്ന ഘടനയുമായി വ്യക്തികൾ പുലർത്തുന്ന ഭാവനാത്മക മായ ബന്ധത്തിന്റെ വൈജാത്യത്തെയാണ് നവമാധ്യമങ്ങളിലെ വിനിമയരൂപ ങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

പ്രത്യയശാസ്ത്രം സാർവലൗകികമാണെന്ന ധാരണയാണ് നമുക്കുള്ള ത്. സ്വതന്ത്ര്യം, സമത്വം തുടങ്ങിയ ആശയങ്ങൾ തന്നെ നോക്കുക. എന്നാൽ പ്രത്യയശാസ്ത്രത്തെ സംബന്ധിച്ച ഈ സാർവലൗകികസിദ്ധാന്തം ശരിയല്ല. കാരണം പ്രത്യയശാസ്ത്രമണ്ഡലത്തിന്റെ ഏകാത്മകതയെ തകർക്കുന്ന സവി ശേഷസന്ദർഭങ്ങൾ അതിൽത്തന്നെ അന്തർഭിച്ചിരിക്കും. പ്രത്യയശാസ്ത്രമണ്ഡ ലത്തിന്റെ ഏകാത്മകത എന്നത് ഒരു മിഥ്യാണെന്ന് അത് സ്വയം തെളിയി ക്കും. ഉദാഹരണമായി സ്വാതന്ത്ര്യം എന്നത് ഒരു സാർവലൗകികസങ്കൽപ്പ മാണ്. അതിനകത്ത് പിന്നെയും ചില ഉൾപ്പിരിവുകളുണ്ട്. ആവിഷ്ക്കാരസ്വാത ന്ത്യം, മാധ്യമസ്വതന്ത്ര്യം, വ്യാപാരസ്വതന്ത്ര്യം, രാഷ്ട്രീയസ്വാതന്ത്യം എന്നി വയെല്ലാം ഈ ഉൾപ്പിരിവിൽപ്പെടും.

മേൽപ്പറഞ്ഞവയെല്ലാം സാർവ്വലൗകികമായ സ്വാതന്ത്ര്യസങ്കൽപ്പമാണ്. അതേസമയം ചില സവിശേഷമായ സ്വാതന്ത്യങ്ങളുമുണ്ട്. ഉദാഹരണമായി ഒരു തൊഴിലാളിക്ക് കമ്പോളത്തിൽ തന്റെ അധ്വാനശേഷി വിൽക്കാനുള്ള സ്വാതന്ത്ര്യം. സവിശേഷതലത്തിലുള്ള ഈ സ്വതന്ത്യം, സ്വാതന്ത്യത്തെക്കുറി ച്ചുള്ള സാർവ്വലൗകികസങ്കൽപ്പങ്ങളെ അട്ടിമറിക്കാൻ ശേഷിയുള്ളതാണ്.

കാരണം തൊഴിലാളിയുടെ സ്വാതന്ത്ര്യം അധ്വാനശേഷി വിൽക്കാനുള്ള സ്വാതന്ത്ര്യമാണ് എന്ന് പറയുന്നതിനകത്തുതന്നെ ഈ വൈരുദ്ധ്യം കാണാനാവും. അധ്വാനശേഷി വിൽക്കുന്നതോടെ യഥാർത്ഥത്തിൽ തൊഴിലാളിയുടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയായിരിക്കും ഫലം. ഈ സ്വതന്ത്രവിൽപ്പനയുടെ ഫലം തൊഴിലാളിയെ മൂലധനത്തിന്റെ അടിമയാക്കുക എന്നതാണ്. വിരുദ്ധദ്വന്ദ്വാത്മകമാണ് ഇവിടെ സ്വാതന്ത്ര്യം. ബൂർഷ്വാസ്വാതന്ത്ര്യവാദത്തിന്റെ പ്രത്യയശാസ്ത്രപരിവൃത്തത്തെ മൂടുന്നത് വിരുദ്ധദ്വന്ദ്വാത്മകമായ ഈ സ്വാതന്ത്ര്യസങ്കൽപ്പമാണ്. പ്രത്യയശാസ്ത്രം സാർവ്വലൗകികമല്ലെന്നും അതിനകത്ത് ധാരാളം ഉൾപ്പിരിവുകളുണ്ടെന്നും ബോധ്യപ്പെടുത്താൻ നവമാധ്യമങ്ങളിലെ വിനിമയങ്ങൾക്ക് കഴിയുന്നുണ്ട്.

ഇത് മനുഷ്യമോചനത്തെ സംബന്ധിച്ച പര്യാലോചനകളെ സന്ദിഗ്ദ്ധമാക്കുന്നുണ്ട്. കാരണം നവമാധ്യമങ്ങൾ പ്രത്യയശാസ്ത്രത്തിന്റെ മണ്ഡലത്തെ വിപുലമാക്കിയിട്ടുണ്ട്. അതിലേർപ്പെടുന്ന ഓരോരുത്തരും ഭാഷക്കകത്ത് സ്വന്തം നിലയിലുള്ള പ്രത്യയശാസ്ത്രരൂപങ്ങൾ (തങ്ങളുടേതായ യാഥാർത്ഥ്യത്തെ) നിർമ്മിച്ചെടുക്കുകയും സ്വന്തം കർതൃത്വത്തെ ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ പ്രത്യയശാസ്ത്രരൂപത്തെക്കുറിച്ച്/തന്റെ കർതൃത്വപദവിയെക്കുറിച്ച് വ്യക്തിയെ വീണ്ടുവിചാരത്തിന് തയ്യാറാക്കാൻ നവമാധ്യമത്തിലെ വിനിമയങ്ങൾക്ക് കഴിയുന്നുണ്ടോ എന്നതാണ് വിമോചനത്തെ സംബന്ധിച്ചിടത്തോളം പ്രധാനം. അങ്ങിനെ കഴിയണമെങ്കിൽ ഉട്ടോപ്യൻ (നേരിട്ട് ബാഹ്യലോകവുമായി ബന്ധമില്ലാത്തതും സൗന്ദര്യാത്മകവുമായ) എന്ന് നാം വിളിക്കുന്ന കലയുടേയും സാഹിത്യത്തിന്റേയും ഇടം ഈ വിനിമയത്തിൽ എത്രമാത്രമുണ്ട് എന്ന് പരിശോധിക്കേണ്ടിവരും.

**മൂന്ന്**

നവമാധ്യമങ്ങളിലെ വിനിമയത്തിൽ സൗന്ദര്യാത്മകഭാവനക്ക് എത്രമാത്രം ഇടമുണ്ടെന്ന് പരിശോധിക്കുകയാണ് ഇനി ചെയ്യാനുള്ളത്. അതിനുമുമ്പ് കലയെ സംബന്ധിച്ച ചില പര്യാലോചനകൾ പ്രസക്തമാണെന്ന് കരുതുന്നു. ഏതൊരു കലാസൃഷ്ടിക്കും വസ്തു എന്ന നിലക്കുള്ള അസ്തിത്വമുണ്ട്. കല്ലില്ലാതെ വാസ്തുശിൽപ്പമില്ല. മരമില്ലാതെ ദാരുശിൽപ്പമില്ല. വർണ്ണമില്ലാതെ ചിത്രരചനയില്ല. സ്വരമില്ലാതെ സംഗീതമില്ല. ശബ്ദമില്ലാതെ സാഹിത്യമില്ല. ഒറ്റവാക്കിൽ വസ്തുവെന്നത് കലാസൃഷ്ടിയുടെ അനുപേക്ഷണീയ ഘടകമായി നിലകൊള്ളുന്നു. വസ്തുക്കളെ നാം സാധാരണയായി അവയുടെ ഗുണപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്.

എന്നാൽ ഈ ഗുണവിശേഷങ്ങളെല്ലാം വസ്തുവിനോട് ചേർന്നുനിൽക്കുന്നവയാണ്. യഥാർത്ഥവസ്തു അതിനപ്പുറമാണ്. ഇതാണ് വസ്തുത്വത്തെപ്പറ്റിയുള്ള ആദ്യസങ്കൽപ്പം. വസ്തുവുമായി നേരിട്ട് ഇടപെടുന്നത് നമ്മുടെ പഞ്ചേന്ദ്രിയ വ്യവസ്ഥയാണ്. ആ പഞ്ചേന്ദ്രിയാനുഭൂതിയിലൂടെയാണ് നാം വസ്തുവിനെ അറിയുന്നത്. പഞ്ചേന്ദ്രിയാനുഭൂതികൾ ഒന്ന് മറ്റൊന്നിൽനിന്ന് വേറിട്ടുനിൽക്കുന്നതായിരിക്കും. പക്ഷെ അതിനകത്ത് നാം ഒരു ഏകത്വം അനുഭവിക്കുന്നു. ആ ഏകത്വമാണ് വസ്തു എന്ന് പറയേണ്ടിവരും.

ഇതാണ് വസ്തുവിനെ മനസ്സിലാക്കാൻ ശ്രമിച്ച മറ്റുചിലരുടെ കാഴ്ചപ്പാട്. മറ്റൊരു സങ്കൽപ്പമനുസരിച്ച് വസ്തു ജഡമാണ്. അതിന് രൂപം മാത്രമേയുള്ളൂ. അതായത് രൂപം കൊണ്ട ജഡമാണ് വസ്തു. ഇതാണ് മൂന്നാമത്തെ സങ്കൽപ്പം. ഈ മൂന്നാമത്തെ ആശയത്തിന് കുറേക്കൂടി മൗലികതയുണ്ടെന്നാണ് ഹൈദഗറിന്റെ സങ്കൽപ്പം. ജഡമായ എന്തിൽനിന്നാണോ കലാസൃഷ്ടി രൂപം കൊള്ളുന്നത് അതായിരിക്കും അതിന്റെ വസ്തുസ്വഭാവം നിർണ്ണയിക്കുക. കലാനിർമ്മിതിയുടെ അടിസ്ഥാനവും പ്രവർത്തനമേഖലയും ജഡമാണ്.

എന്നാൽ പിൽക്കാല കലാചർച്ചയിൽ ഈ അടിസ്ഥാന സങ്കൽപ്പത്തെ രൂപം, ഉള്ളടക്കം എന്നിങ്ങനെ വേർതിരിച്ചു കാണുകയും പ്രസ്തുത വിചാരമാതൃകയുടെ സാദ്ധ്യതയെ പരിമിതപ്പെടുത്തുകയും ചെയ്തുവെന്ന് ഹൈദഗർ പറയുന്നുണ്ട്. അതിനാൽ ജഡം, രൂപം എന്നിവയുടെ ന്യൂനീകരിക്കപ്പെടാത്ത അർത്ഥത്തിലേക്ക്-അവയുടെ മൗലികാർത്ഥത്തിലേക്ക് നാം സഞ്ചരിച്ചെത്തണം. രൂപമെന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്, ഒരു പ്രത്യേക സ്ഥലത്ത്, ഒരു പ്രത്യേക വിസ്തൃതിക്കുള്ളിൽ, ഒരു പ്രത്യേക ക്രമത്തിൽ കാണപ്പെടുന്ന ജഡാംശങ്ങളുടെ വിന്യാസമാണ്.

അതുകൊണ്ടാണ് അതിന് അതിന്റേതായ ആകൃതിയുള്ളത്. അതുപോലെത്തന്നെ രൂപവത്തായ ജഡമാണ് മൺകുടവും മഴുവും ചെരിപ്പുമെല്ലാം. എന്നാൽ ഒരു വ്യത്യാസമുണ്ട്. ഇവിടെ ജഡാംശങ്ങൾ സ്വതവേ ഒട്ടിച്ചേർന്നുണ്ടായതല്ല രൂപം. മറിച്ച് രൂപമാണ് ജഡത്തിന്റെ ആന്തരവിന്യാസത്തെ നിർണ്ണയിക്കുന്നത്. അതുകൊണ്ടാണ് അവക്ക് അവയുടേതായ ആകൃതിയുള്ളത്. അതുപോലെ ഏതു ജഡം വേണമെന്ന തീരുമാനത്തെ സ്വാധീനിക്കുന്നതും. കുടമുണ്ടാക്കാൻ ചോർന്നുപോകാത്തതും മഴുവിന് ദൃഢവും ചെരുപ്പിന് ഉറപ്പുള്ളതും എളുപ്പം വളയുന്നതുമായ ജഡം ആവശ്യമാണ്. മാത്രമല്ല, ജഡത്തേയും രൂപത്തേയും മുൻകൂട്ടി നിർണ്ണയിക്കുന്ന വേറൊന്നുണ്ട്-കുടവും മഴുവും ചെരിപ്പും എന്തിനു പ്രയോജനപ്പെടുന്നുവോ അത്.

ഒറ്റ വാക്കിൽ അതാതിന്റെ ഉപയോഗം. ഉപയുക്തത കുടത്തോടോ മഴുവിനോടോ ചെരിപ്പിനോടോ അവ മെനഞ്ഞെടുത്തതിനുശേഷം ഏച്ചുകെട്ടിയ ഒന്നല്ല. അവയുടെ മൗലികമായ സ്വഭാവമാണത്. അതായത് ഉപയുക്തതയാണ് ജഡ-രൂപഘടനയെ നിർണ്ണയിക്കുന്നത്. ഇമ്മാതിരി പദാർത്ഥങ്ങൾ സവിശേഷമായ ഒരുൽപ്പാദന പ്രക്രിയയുടെ ഫലമാണ്. അതുകൊണ്ടാണ് അവയെ ഉപകരണങ്ങൾ എന്ന് പറയുന്നത്. അപ്പോൾ ജഡ-രൂപ സമന്വയമായി എല്ലാറ്റിനേയും കാണുന്ന ചിന്താരീതിയുടെ ഉറവിടം ഉപകരണത്തിന്റെ സത്തയാണെന്ന് വ്യക്തം.

അടുത്തതായി ചിന്തിക്കേണ്ടത് ഈ ഉപകരണവും കലാസൃഷ്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. മനുഷ്യന്റെ കൈവേലയാകയാൽ ഉപകരണത്തിന് കലാസൃഷ്ടിയോട് സാദൃശ്യമുണ്ട്. എന്നിരിക്കിലും കലാസൃഷ്ടിയുടെ സ്വയം പര്യാപ്തമായ സാന്നിധ്യം കണക്കിലെടുക്കുമ്പോൾ അതിന് സ്വാവലംബിയായ എല്ലാ സമ്മർദ്ദത്തേയും ചെറുത്തുനിൽക്കുന്ന വെറും വസ്തുവിനോടാണ് കൂടുതൽ അടുപ്പമെന്ന് കാണാം.

ഈ അർത്ഥത്തിൽ നോക്കിയാൽ ഉപകരണം പാതി വസ്തുവും പാതി കലാസൃഷ്ടിയുമാണ് എന്ന് പറയാം. വസ്തുസ്വഭാവം അതിനെ നിർണ്ണയിക്കുന്നതുകൊണ്ട് അത് വസ്തുവാണ് എന്നാൽ വസ്തുവിൽക്കവിഞ്ഞ ഒരർത്ഥം (ഉപയുക്തത) അതിനുള്ളതുകൊണ്ട് അത് ഒരു കലാസൃഷ്ടിയാണ്. എന്നാൽ കലാസൃഷ്ടിയുടെ സ്വയം പര്യാപ്തത അതിനില്ല. അതുകൊണ്ട് പൂർണ്ണമായ അർത്ഥത്തിൽ അത് കലാസൃഷ്ടിയല്ല. ഉപകരണം കലാസൃഷ്ടിക്കും വെറും വസ്തുക്കൾക്കും മദ്ധ്യവർത്തിയായി നിലകൊള്ളുന്നതിനാൽ ഉപകരണസത്തയെ ആസ്പദിച്ച് ഉപകരണേതരമായവയേയും മനസ്സിലാക്കാനുള്ള പ്രവണത നിലവിൽവന്നു. അതായത് പ്രപഞ്ചത്തിലുള്ള സകലതിനേയും ജഡ-രൂപ സമന്വയമായി മനസ്സിലാക്കാനുള്ള പ്രവണത പ്രബലമായി എന്നർത്ഥം.

ആധുനിക ദർശനം അടിയുന്നത് മധ്യയുഗത്തിന്റെ മുദ്ര പതിഞ്ഞ ജഡ-രൂപ ഘടനയിലാണെന്നും ഇത് വസ്തുവിന്റെ യഥാർത്ഥസ്ഥിതിയെ ബാലാൽക്കാരം ചെയ്യുന്നുവെന്നും ഹൈദഗർ ഓർമ്മിപ്പിക്കുന്നു. ഉപകരണത്തിൽ നിന്ന് ഉപകരണാത്മകതയെ നീക്കം ചെയ്താൽ ലഭിക്കുന്നതെന്തോ അതിനെയാണ് നാം വെറും വസ്തു എന്ന് വിളിക്കുന്നത്. ഈ അറിവ് പക്ഷെ ആ വസ്തുവിന്റെ ഉൺമയെക്കുറിച്ച് യാതൊരു ജ്ഞാനവും നമുക്ക് പ്രദാനം ചെയ്യുന്നില്ല. അതുകൊണ്ടാണ് അതിനെ വസ്തുസ്ഥിതിക്കുമേലുള്ള കടന്നുകയറ്റമായി ഹൈദഗർ വ്യാഖ്യാനിക്കുന്നത്.

ചിന്തക്ക് വഴങ്ങാത്ത ഒരു പ്രകൃതം എല്ലാ വസ്തുക്കളിലുമുണ്ട്. അതായത് മനുഷ്യന്റെ ചിന്തയോട് ഇടഞ്ഞുനിൽക്കുന്ന ഒന്നാണ് വസ്തുവിന്റെ പ്രകൃതം എന്ന് പറയാം. അങ്ങിനെ നോക്കിയാൽ മനുഷ്യന്റെ ചിന്തക്ക് വഴങ്ങിയ വസ്തുക്കളാണ് ഉപകരണങ്ങളും കലാവസ്തുക്കളുമെന്ന് പറയാം. ഉപകരണം വസ്തുവിന്റേയും കലാസൃഷ്ടിയുടേയും ഇടയിൽ വരുന്നതുകൊണ്ട് ഉപകരണത്തിന്റെ ഉണ്മയിലേക്കെത്താൻ കഴിഞ്ഞതിൽ വസ്തുവിനെക്കുറിച്ചും നമുക്ക് ചിലതെല്ലാം പറയാൻ കഴിഞ്ഞേക്കുമെന്ന് ഹൈദഗർ വിശ്വസിക്കുന്നു. ഇതിനായി ഉപകരണത്തിന്റെ യഥാർത്ഥസത്തയെന്തെന്ന് അന്വേഷിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ഒരുപകരണത്തിന്റെ മൗലികസ്വഭാവം അതിന്റെ വിശ്വാസ്യതയാണെന്ന് അദ്ദേഹം കണ്ടെത്തുന്നു. ഒരു കർഷകത്തൊഴിലാളിയുടെ ചെരിപ്പിനെയാണ് അദ്ദേഹം ദൃഷ്ടാന്തമായെടുക്കുന്നത്. ജോലിസമയത്ത് താൻ ധരിച്ചിരിക്കുന്ന ചെരിപ്പിനെപ്പറ്റി അവൾ എത്രത്തോളം ചിന്തിക്കാതിരിക്കുകയും അതിലേക്ക് കണ്ണോടിക്കാതിരിക്കുകയും ചെയ്യുന്നുവോ അത്രക്ക് അതിന് മേൻമ കൂടും. അതായത് ഉപകരണത്തിന്റെ സാരവത്തായ ഉണ്മ അതിന്റെ വിശ്വാസ്യതയാണ്. ഉപയുക്തത വിശ്വാസ്യതയുടെ അവശ്യഫലം മാത്രമാണ്. ഉപകരണത്തിന്റെ അതിൽത്തന്നെയുള്ള വിശ്രാന്തികൊള്ളലാണ് വിശ്വാസ്യത. അതാണ് സത്യത്തിൽ ഉപകരണം എന്താണെന്ന് നമുക്ക് തുറന്നുകാട്ടുന്നത്. ഉപകരണത്തിന്റെ ഈ ഉണ്മയെ തുറന്നുകാട്ടുന്ന ഒന്നാണ് കലാസൃഷ്ടി. ഒരു കർഷകസ്ത്രീയുടെ ഒരുജോടി ചെരുപ്പുകൾ വാൻഗോഗ് വരച്ചിട്ടുണ്ട്. പ്രസിദ്ധമായ ആ ചിത്രത്തെ മുൻ നിർത്തിയാണ് ഹൈദഗർ തന്റെ വാദത്തെ സാധൂകരിക്കുന്നത്. ഹൈദഗറിന്റെ നിരീക്ഷണം

ഇങ്ങനെയാണ്.

ശരീരഭാരത്താൽ അമർന്ന ആ ചെരിപ്പുകളുടെ ഇരുണ്ട ദ്വാരങ്ങൾ അധ്വാനം കൊണ്ട് തളർന്നവശയായ കൃഷിക്കാരിയുടെ കാൽവെപ്പുകളെ വിളിച്ചറിയിക്കുന്നു. നീണ്ടുകിടക്കുന്ന ഉഴവുചാലുകളിലൂടെ പരുക്കൻ കാറ്റേറ്റുകൊണ്ടുള്ള മന്ദമായ നടത്തത്തിന്റെ നിശ്ചയാദാർഢ്യം മുഴുവനും ഈ ചെരുപ്പുകളുടെ ഭാരത്തിൽ ഉറഞ്ഞുകൂടിയപോലെയുണ്ട്.

തോലൻമേൽ മണ്ണിന്റെ ഈർപ്പം പറ്റിപ്പിടിച്ചിരിക്കുന്നു. പാടത്തെ വഴികളിലൂടെ സൂര്യസ്തമയത്തിൽ നടക്കുന്നതിന്റെ ഏകാന്തത അടിത്തോലിനു കീഴെ താങ്ങിനിൽക്കുന്നു. ഭൂമിയുടെ സൗമ്യമായ മാടിവിളിക്കൽ, വിളഞ്ഞ ധാന്യമണികൾ കാഴ്ചവെക്കുന്ന അതിന്റെ പ്രശാന്തമായ ഉദാരത, എല്ലാം തണുത്തുവിറങ്ങലിച്ച് ശൂന്യമായിരിക്കുന്ന ശിശിരകാലത്ത് സ്വവിഭവങ്ങൾ ദാനം ചെയ്യാൻ കാണിക്കുന്ന അതിന്റെ നിഗൂഢമായ വൈമനസ്യം-ഇതിന്റെയെല്ലാം അനുരണനം ചെരിപ്പുകളിൽ കാണാം. അന്നന്നത്തെ അപ്പത്തിനുവേണ്ടിയുള്ള പരാതി പറയാത്ത ഉൽക്കണ്ഠയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിഞ്ഞതിലുള്ള നിശ്ശബ്ദമായ ആഹ്ലാദവും ജനനത്തിന്റെ വേപഥുവും മരണഭീതിയുടെ ഞെട്ടലുമെല്ലാം അവയിൽ നിഴലിക്കുന്നുണ്ട്.

വാൻഗോഗിന്റെ ചിത്രത്തിലൂടെ കൃഷിക്കാരിയുടെ ചെരിപ്പുകൾ എന്ന ഉപകരണം സത്യത്തിൽ എന്താണോ അതായി വെളിവാക്കപ്പെട്ടു. അത് അതിന്റെ ഉൺമയെ നമുക്ക് തുറന്നുകാട്ടി. ഉള്ളത് ഉള്ളതായി തുറന്നുകാട്ടുമ്പോഴാണ് സത്യം അനാവൃതമായി എന്ന് നമുക്ക് തോന്നുന്നത്. കല സത്യത്തെ തുറന്നുകാട്ടുന്നവെന്ന് പറയുന്നതതുകൊണ്ടാണ്. ഉള്ളവയുടെ സത്യം കലാസൃഷ്ടിയിലൂടെ സ്ഥായീഭാവം പൂണുന്നു. മേൽപ്പറഞ്ഞ ചിത്രത്തിൽ ചെരിപ്പുകളുടെ ഉൺമ അതിന്റ് സ്ഥായിത്വത്തിൽ നമുക്കുമുന്നിൽ പ്രതിഭാസിക്കുന്നു.

ഒടുവിൽ നാം കലയെപ്പറ്റിയുള്ള ഒരു മൗലികധാരണയിലാണ് എത്തിയത്. ഉള്ളവയുടെ സത്യം സ്വയം സൃഷ്ടിയായി പ്രതിഷ്ഠിക്കുന്ന പ്രക്രിയയാണ് കല. എന്നാൽ കലയെ നാം പലപ്പോഴും ഒരു സുന്ദരവസ്തു എന്ന നിലയിലാണ് കാണുന്നത്. ഉപകരണങ്ങളുണ്ടാക്കുന്ന വിദ്യയിൽ നിന്ന് വേറിട്ട് കാണിക്കാനായി നാമിവയെ സുന്ദരകലകൾ എന്നുതന്നെ വിശേഷിപ്പിക്കാറുണ്ടല്ലോ. സത്യത്തിന് യുക്തിവിചാരവുമായും കലക്ക് സൗന്ദര്യബോധവുമായാണ് ബന്ധം എന്നാണ് സാമാന്യധാരണ. ഈ ധാരണകളെ പ്രശ്നവൽക്കരിക്കാനാണ് ഹൈദഗർ ശ്രമിക്കുന്നത്. കലാസൃഷ്ടി യാഥാർത്ഥ്യത്തിന്റെ പകർപ്പാണെന്നും അത് യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നുവെന്നുമുള്ള ധാരണക്ക് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ടല്ലോ? വാൻഗോഗിന്റെ മേൽപ്പറഞ്ഞ ചിത്രം ഏതോ ഒരു ജോടി ചെരുപ്പിന്റെ പകർപ്പല്ല. പകർപ്പിന് കലയാവാൻ കഴിയില്ല. കാരണം പകർപ്പ് ജഡ-രൂപ സമന്വയമായ വസ്തുവിനെ പുനഃസൃഷ്ടിക്കുക മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ കല അതിന്റെ ഉൺമയിലേക്ക് വെളിച്ചം വീഴ്ത്തുകയാണ് ചെയ്യുന്നത്.

കല അടിസ്ഥാനപരമായി വസ്തുവാണെന്നും അത് ആ വസ്തുവിന്റെ

ഉൺമയെ പ്രതിഭാസിക്കുന്നുവെന്നും പറഞ്ഞു. വസ്തുവെപ്പറ്റി നിലവിലുള്ള ആശയങ്ങൾ വസ്തുവിന്റെ സത്തയിൽ നിന്നല്ല ഉപകരണത്തിന്റെ സത്തയിൽ നിന്നാണ് ഉൽഭവിച്ചതെന്നും ഇതിനകം വ്യക്തമായല്ലോ? ഉപകരണത്തിന്റെ തനതായ ഉണ്മയാണ് വസ്തുക്കളെ സാമാന്യമായി മനസ്സിലാക്കാൻ മനുഷ്യന് ലഭിക്കുന്ന വിചാരമാതൃക. മനുഷ്യപ്രകൃതത്തിൽ ഉപകരണങ്ങൾക്ക് മേൽക്കോയ്മയുണ്ട്. ഈ മേൽക്കോയ്മയെ വഴികാട്ടിയായെടുത്താണ് കലാവസ്തുവിനെ നിർവചിക്കാനുള്ള ശ്രമം ഹൈദഗർ നിർവ്വഹിക്കുന്നത്.

എല്ലാ കലകൾക്കും വസ്തുപരമായ അടിത്തറയുണ്ടെങ്കിലും അത് കലാസൃഷ്ടിയുടെ അംശമേയല്ല. ഇതു കണക്കിലെടുത്തില്ലെങ്കിൽ നാമറിയാതെത്തന്നെ കലാസൃഷ്ടിയെ ഉപകരണമായി കാണാനിടയുണ്ട്. പിന്നെ ആ ഉപകരണത്തിൻമേൽ കലാത്വത്തിന്റെ ഒരു ഉപരിഘടന പടുത്തുയർത്താനായിരിക്കും ശ്രമം. എന്നാൽ സൗന്ദര്യാത്മകമായ ഏതോ മൂല്യവുമായി ഇണക്കിച്ചേർത്ത ഉപകരണമേയല്ല കലാസൃഷ്ടി. അതുപോലെ വെറും വ്സതുവെന്ന് പറയുന്നത് ഉപകരണത്തിൽ നിന്ന് പ്രയോജനവും ഉൽപ്പാദനപ്രക്രിയയും കിഴിച്ചാൽ അവശേഷിക്കുന്നതെന്തോ അതും അല്ല. കലാസൃഷ്ടി, അതിനുസവിശേഷമായ മട്ടിൽ, ഉള്ളവയുടെ ഉൺമയെ തുറന്നുകാണിക്കുന്നു.

സത്യത്തിന്റെ സൃഷ്ടി രൂപത്തിലുള്ള സ്വയം പ്രതിഷ്ഠിക്കലാണ് കല. എന്നാൽ പലപ്പോഴും കല എളുപ്പത്തിൽ പ്രാപിക്കാവുന്ന ഒന്നല്ല. അതിന് സാധിക്കണമെങ്കിൽ കലാസൃഷ്ടിയെ മറ്റെല്ലാറ്റിനോടുമുള്ള ബന്ധങ്ങളിൽ നിന്ന് വിടുവിച്ചെടുക്കണം. അതിനെ അതിൽത്തന്നെ വിശ്രാന്തിയടയാൻ അനുവദിക്കണം. കലാസൃഷ്ടിയുടെ ഈ സ്വച്ഛന്ദമായ നില അസാധ്യമാക്കുന്നതാണ് പ്രദർശനനഗരികളെന്ന് ഹൈദഗർ അക്കാലത്തുതന്നെ നിരീക്ഷിച്ചിട്ടുണ്ട്. കലാസൃഷ്ടികളെ അവയുടെ സ്വ-ഭാവത്തിൽ കാണാൻ അവിടെ കഴിയില്ല. കലാനിരൂപണംകൊണ്ടോ കലാവിപണനം കൊണ്ടോ കലാസൃഷ്ടി നമുക്ക് അഭിഗമ്യമാവുകയില്ല. പ്രദർശനശാലകളിലും പ്രസിദ്ധീകരണശാലകളിലും കിടക്കുന്ന കലാസൃഷ്ടികൾ സ്വന്തം സത്തയുടെ പ്രസരണത്തിന് അനുപേക്ഷണീയമായ സവിശേഷപശ്ചാത്തലത്തിൽ നിന്ന് പിഴുതുമാറ്റപ്പെട്ടവയാണ്. പ്രദർശനശാലയിലേക്കുള്ള സ്ഥലം മാറ്റത്തിലൂടെ അവക്ക് സ്വന്തമായ ലോകം നഷ്ടപ്പെടുന്നു. സ്വന്തമായ ലോകം നഷ്ടപ്പെട്ട കലാവസ്തുക്കൾ വെറും പുരാവസ്തുക്കൾമാത്രമായിത്തീരും. പാറക്കെട്ടുകൾക്കിടയിൽ ഉയർന്നുനിൽക്കുന്ന പുരാതനമായൊരു ദേവാലയത്തെ ഒരു കലാസൃഷ്ടി എന്ന നിലക്ക് ഹൈദഗർ വിവരിക്കുന്നുണ്ട്. ആ ദേവാലയം അവിടെ നിൽക്കുന്നതുവരെ, ദൈവം അതിൽ നിന്ന് തിരോഭവിക്കാത്തിടത്തോളം കാലം, അത് വസ്തുക്കൾക്ക് അവയുടേതായ മുഖച്ഛായയും മനുഷ്യന് തന്നെപ്പറ്റിയുള്ള വീക്ഷണവും നൽകുന്നു.

കലാസൃഷ്ടിയെ സ്ഥാപിക്കുകയെന്നത് ഒരു അനാവരണപ്രക്രിയയാണ്. ജീവിതത്തിൽ നാം പോകേണ്ട നേരായ വഴികളേയും അതിലംഘിക്കരുതാത്ത വരമ്പുകളേയും പറ്റിയുള്ള വിധി നിഷേധങ്ങളെ അത് വെളിപ്പെടുത്തിത്തരുന്നു. ഇവിടെയാണ് ഹൈദഗർ ലോകത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നത്. യഥാർത്ഥത്തിൽ കലാസൃഷ്ടികൾ ലോകത്തിന്റെ ഉണ്മയായാണ് മനുഷ്യനു മുന്നിൽ അനാവരണം ചെയ്യുന്നത്. എന്താണ് ലോകം എന്നും അദ്ദേഹം വിശ

ദീകരിക്കുന്നുണ്ട് :

എണ്ണിത്തിട്ടപ്പെടുത്താവുന്നതും അല്ലാത്തവയും ആയ, ജ്ഞാതവും അജ്ഞാതവുമായ യാഥാർത്ഥ്യങ്ങളുടെ വെറും സമാഹരമല്ല ലോകം. ലോകം ലോകമായിത്തീരുന്ന ഒരു പ്രക്രിയയുണ്ട്. നമുക്ക് സുപരിചിതമായ, എത്തിപ്പിടിക്കാനും നോക്കിക്കാണാനും കഴിയുന്ന, വസ്തുക്കളേക്കാൾ അസ്തിത്വ സാന്ദ്രതയുണ്ട് ലോകത്തിന്. ലോകം നമ്മെ അഭിമുഖീകരിക്കുന്ന, ദൃഷ്ടിഗോചരമായ ഒരു വിഷയമല്ല. അത് നമുക്കെതിരെ നിൽക്കുകയല്ല, നാം അതിന് കീഴ്പ്പെട്ട് നിൽക്കുകയാണ് ചെയ്യുന്നത്. ജനനവും മരണവും അനുഗ്രഹവും ശാപവും നമ്മെ ഉൺമയിൽ നിലനിർത്തുന്നിടത്തോളം കാലം അതങ്ങനെയായിരിക്കും.

ചരിത്രഗതിയിൽ നാം എവിടെ സുപ്രധാന തീരുമാനങ്ങളെടുക്കുന്നുവോ എവിടെ അവയെ മുറുകെപ്പിടിക്കുകയോ കൈവെടിയുകയോ ചെയ്യുന്നുവോ അവിടെ ലോകം പിറക്കുന്നു. കല്ലിനു ലോകമില്ല, സസ്യങ്ങൾക്കും മൃഗങ്ങൾക്കും ലോകമില്ല. അവയിൽ നിഗൂഢമാംവണ്ണം സമ്മർദ്ദം ചെലുത്തുന്ന അവയെ താങ്ങിനിർത്തുന്ന ഒരു ചുറ്റുപാടുണ്ട്. അത്രമാത്രം പകരം കൃഷിക്കാരിക്ക് ഒരു ലോകമുണ്ട്. കാരണം അവൾ ഉൺമയുടെ തുറസ്സായ മേഖലയിലാണ് ജീവിക്കുന്നത്. ഉപകരണത്തിന്റെ വിശ്വാസ്യത ആ ലോകത്തെ ആവശ്യകവും സമീപസ്ഥവുമാക്കുന്നു.

ഒരു ലോകം തുറക്കപ്പെടുന്നതോടെയാണ് ഓരോ വസ്തുവിനും അതാതിന്റേതായ കാലവും വേഗവും ദൂരവും സാമീപ്യവും വ്യാപ്തിയും പരിമിതിയും കൈവരുന്നത്. ലോകത്തിന്റെ പിറവിയിൽ അതിന്റേതായ ഒരു സ്ഥലിക രൂപം കൊള്ളുന്നു. അതിനുള്ളിലാണ് ദൈവങ്ങളുടെ പരിപാലനവും കൃപയും നമുക്ക് അനുഭവപ്പെടുന്നതും നിഷേധിക്കപ്പെടുന്നതും. ദൈവങ്ങളുടെ തിരോധാനവും ലോകം ലോകമായിത്തീരുന്ന പ്രക്രിയയിൽപ്പെടും. കലാസൃഷ്ടി കലാസൃഷ്ടിയായിരിക്കുന്നിടത്തോളം കാലം അതിനെ ചുറ്റി തുറസ്സായ ഒരു സ്ഥലികയുണ്ടാകുന്നു. അവിടെ വസ്തുകൾക്ക് അവയുടെ തനിമയിൽ പ്രത്യക്ഷപ്പെടാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു. ഇപ്രകാരം പ്രത്യക്ഷപ്പെടുന്നവ പരസ്പരം ബന്ധപ്പെട്ട ഘടനാരൂപം കൈക്കൊള്ളുന്നു. കലാസൃഷ്ടിയെ പ്രതിഷ്ഠിക്കുന്നതോടൊപ്പം ഈ പരസ്പരബന്ധങ്ങളും നിലവിൽ വരുന്നു. അങ്ങനെ കലാസൃഷ്ടി സ്വകീയമായൊരുലോകത്തെ പ്രതിഷ്ഠിക്കുന്നു.

ഉപകരണങ്ങളിലും കലാസൃഷ്ടികളിലും ജഡമായ വസ്തുവാണ് പ്രയോജനപ്പെടുത്തപ്പെടുന്നത്. എന്നാൽ ഉപകരണങ്ങളിൽ ഈ ജഡവസ്തു അതിന്റെ ഉപയുക്തതയിൽ സ്വയം അലിഞ്ഞില്ലാതായിത്തീരുന്നു. എന്നാൽ ഒരു കലാസൃഷ്ടിയിൽ ജഡവസ്തു ഇപ്രകാരം അപ്രത്യക്ഷമാകുന്നില്ല. ആ വസ്തു അതായിക്കൊണ്ടുതന്നെ-തന്നെത്തന്നെ ആവിഷ്ക്കരിച്ച് -കലാസൃഷ്ടിയിൽ തുടരുന്നു. കലാവസ്തു ഒരു ലോകത്തെ പ്രോൽഘാടനം ചെയ്യുമ്പോഴും അതിന്റെ ആധാരമായ ജഡവസ്തുവിനെ അപ്രത്യക്ഷമാകാൻ അനുവദിക്കുന്നില്ല. മറിച്ച് അതിനെ അതേ ലോകത്തിന്റെ പ്രകാശത്തിൽ പൊന്തിവന്ന് പ്രത്യക്ഷപ്പെടാൻ അനുവദിക്കുന്നു.

ഒരു ശിൽപ്പത്തിൽ കല്ല് കല്ലായിത്തുടരുന്നു. അതുപോലെ ഒരു സംഗീതത്തിലെ ശബ്ദങ്ങൾക്ക് അവയുടെ ഉണ്മ നഷ്ടപ്പെടുന്നില്ല. അവ ശബ്ദമായിത്തന്നെ അതിനകത്ത് തുടരുന്നു. വാക്കുകൾകൊണ്ട് കവിതമെനയുമ്പോൾ ആ വാക്കുകൾ അവയുടെ ശബ്ദഭംഗിയോടെ അതിന്റെ ഉൺമയെ പ്രത്യക്ഷപ്പെടുത്തി അതിൽ നിലയുറപ്പിക്കുന്നു. ഇങ്ങനെ കലാസൃഷ്ടിയിൽ ജഡങ്ങൾ അതാതിന്റെ തനിമയിൽ പ്രതിഭാസിക്കുന്നവെന്ന് പറയാം.

നവമാധ്യമങ്ങളിലെ ഭാഷക്ക് രണ്ട് സാധ്യതകളുണ്ട്. അതിലൊന്ന് ഭാഷയുടെ ഉപകരണാത്മകതയെ അത് പ്രബലമാക്കുന്നുവെന്നതാണ്. അതേസമയം സൗന്ദര്യാത്മകഭാവനയുടെ-കലയുടെ-വസ്തു എന്ന നിലക്കും നവമാധ്യമത്തിലെ ഭാഷക്ക് കടന്നുവരാൻ കഴിയും. ഭാഷക്ക് അതിന്റെതന്നെ ഉൺമയെ ആവിഷ്ക്കരിക്കാൻ കഴിഞ്ഞാൽ മാത്രമേ അതിന് കലാസൃഷ്ടിയുടെ ധർമ്മം നിർവ്വഹിക്കാൻ കഴിയൂ. നവമാധ്യമങ്ങളിൽ ഭാഷ ഉപകരണമായാണോ പ്രവർത്തിക്കുന്നത് അതോ കലാസൃഷ്ടിയുടെ നിർമ്മാണത്തിനാധാരമായ വസ്തുവെന്ന നിലയിലാണോ മനസ്സിലാക്കപ്പെടുന്നതെന്ന ചോദ്യം നവമാധ്യമങ്ങളുടെ വിമോചനപരതയെ പ്രശ്നവൽക്കരിക്കുന്നുണ്ട്. ഭാഷയിലൂടെ നിർവ്വഹിക്കപ്പെടുന്ന അതിഭാഷാവ്യവഹാരത്തെയാണ് റോമൻ യാക്കൊബ്സൺ കവിത എന്ന് വിശേഷിപ്പിക്കുന്നത്. ആ അർത്ഥത്തിൽ നവമാദ്ധ്യമങ്ങളിലെ ഭാഷക്ക് അതിഭാഷാവ്യവഹാരത്തിന്റെ തലത്തിലേക്ക് ഉയരാൻ കഴിയുമോ എന്ന ചോദ്യം പ്രധാനമാണ്. ഭാഷക്കുമേലുള്ള ധ്യാനാത്മക യുക്തിയാണ് കവിതയെ സാധ്യമാക്കുന്നത്. അത് ഭാഷയുമായി നാം പുലർത്തുന്ന പ്രത്യയശാസ്ത്രപരമായ ബന്ധങ്ങൾക്ക് രൂപം കൊടുക്കുന്നു. അത് നമ്മുടെ അസ്തിത്വത്തെ അപരിചിതവൽക്കരിക്കാനും നമ്മെക്കുറിച്ചുതന്നെ ചിന്തിക്കാനും പ്രാപ്തമാക്കുന്നു. ഈ അപരിചിതവൽക്കരണമാണ് കലയെ പ്രത്യയശാസ്ത്രവിമുക്തമാക്കുന്നത്. അതുതന്നെയാണ് കലയുടെ വിപ്ലവപരതയും. കലയുടെ മൗലികതയിലേക്ക് പ്രവേശിക്കാൻ നവമാധ്യമങ്ങളിലെ വിനിമയത്തിന് കഴിഞ്ഞാൽ മാത്രമേ അധ്വാനശക്തി എന്ന നിലക്ക് അതാർജ്ജിച്ച അത്ഭുതകരമായ സാധ്യതകളെ മനുഷ്യമോചനത്തിനായി പ്രയോജനപ്പെടുത്താൻ കഴിയൂ.

**ഗ്രന്ഥസൂചി**

Burton, Graeme. (2005) *Media and Society: Critical Perspectives*. England: Open Univ. Press

Fisher, E. (2010a). Media and New Capitalism in the Digital Age. New York: Palgrave.

Fisher, E. (2010b). Contemporary Technology Discourse and the Legitimation of Capitalism. European Journal of Social Theory, 13: 229-252

MacQuail, Denis. (2010). *Mass Communication Theory*. Los Angeles: Sage